പോർട്ട് വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ വിദ്യാഭ്യാസ യോഗ്യത

1663 [2489] ശ്രീ. പി. എം. അബൂബക്കർ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, സി. ടി. അഹമ്മദ് അലി:
,, കെ. എം. ഹംസക്കുഞ്ഞ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോർട്ട് വകുപ്പിന്റെ രക്ഷാപ്രവർത്തന കപ്പലുകൾ, മണ്ണുമാന്തിക്കപ്പലുകൾ എന്നിവയിലെ ക്യാപ്റ്റൻ, മറൈൻ എഞ്ചിനീയർ എന്നീ തസ്തികകൾക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യതയും പരിചയവും എന്തെല്ലാമാണ്;

(ബി) ഇപ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥൻമാരെ കോൺട്രാക്ട് വ്യവസ്ഥയിലാണോ, താൽക്കാലികാടിസ്ഥാനത്തിലാണോ നിയമിച്ചിട്ടുള്ളത്;

(സി) ഇവരെ എന്നാണ് നിയമിച്ചത്;

(ഡി) ഇവർക്ക് ഈ തസ്തികയ്ക്ക് വേണ്ട യോഗ്യതയുണ്ടോ?

ഉത്തരം

(എ) പോർട്ട് വകുപ്പിന്റെ കീഴിലുള്ള രക്ഷാപ്രവർത്തന ടഗ്ഗുകളിൽ ഓഫീസർ ഇൻചാർജ്ജ്, എഞ്ചിനീയർ ഇൻചാർജ്ജ് എന്നീ തസ്തികകളും മണ്ണുമാന്തികപ്പലുകളിൽ ക്യാപ്റ്റൻ ഡ്രഡ്ജർ മാസ്റ്റർ, ചീഫ് എഞ്ചിനീയർ, എഞ്ചിനീയർ എന്നീ തസ്തികകളുമാണ് നിലവിലുള്ളത്. ഇവർക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യതകളും പരിചയവും അനുബന്ധത്തിൽ ചേർക്കുന്നു †

(ബി) രക്ഷാ പ്രവർത്തന ടഗ്ഗുകളിലെ എല്ലാ തസ്തികയിലേക്കും, 'മീന 'കേരള' എന്ന മണ്ണുമാന്തിക്കപ്പലിലെ എഞ്ചിനീയർ തസ്തികയിലേക്കും കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. ഡ്രഡ്ജർ, നീണ്ടകരയിലെ എഞ്ചിനീയർ കം ഡ്രഡ്ജർ മാസ്റ്റർ താൽക്കാലികാടിസ്ഥാനത്തിലാണ് നിയമിക്കപ്പെട്ടിട്ടുള്ളത്. ഡ്രഡ്ജർ 'മീന കേരള'യിലെ ക്യാപ്റ്റൻ ഡ്രഡ്ജർ മാസ്റ്റർ, ചീഫ് എഞ്ചിനീയർ എന്നീ തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്.

(സി) ഇവരെ ഓരോരുത്തരെയും നിയമിച്ച തീയതി ചുവടെ ചേർക്കുന്നു:

ടഗ്ഗ് ജീവനക്കാർ		
1.	ശ്രീ. റനി. എ. ഖാഫി, ഓഫീസർ ഇൻചാർജ്ജ്	6-10-1986
2.	ശ്രീ. പത്മനാഭൻ തിരുവൻ, ഓഫീസർ ഇൻചാർജ്ജ്	13-10-1986
3.	ശ്രീ. വി. ജി. രവീന്ദ്രൻ, എഞ്ചിനീയർ ഇൻചാർജ്ജ്	10-10-1986
4.	ശ്രീ. ഐ. മുഹമ്മദ് കണ്ണ്	10-6-1986

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ടഗ്ഗ് പത്മശ്രീ

1.	ശ്രീ. എൻ. കൃഷ്ണൻപോറ്റി, എഞ്ചിനീയർ ഇൻചാർജ്ജ്	10–4–1986
2.	ശ്രീ. എ. സൈനുദ്ദീൻ കുഞ്ഞ്	,, 10–6–1986
3.	ശ്രീ. കുര്യപ്പറന്റ ജോർജ്ജ് റാഫേൽ, ഓഫീസ് ഇൻചാർജ്ജ്	10–6–1986
4.	ശ്രീ. സി. പി. സുഭാഷിതൻ	,, 3–10–1986

ബി. എസ്. ഡി. മീന കേരള

ജോസഫ് ജോർജ്ജ്, എഞ്ചിനീയർ	4–2–1986

സി. എസ്. ഡി. നീണ്ടകര

ശ്രീ. എം. രാധാകൃഷ്ണൻ, എഞ്ചിനീയർ കം ഡ്രഡ്ജർ മാസ്റ്റർ	9–11–1981

(ഡി) സർവ്വശ്രീ സി. പി. സുഭാഷിതൻ, പത്മനാഭൻ തിരുവൻ എന്നിവർക്ക് നിശ്ചിത യോഗ്യതയില്ല. എന്നാൽ നിശ്ചിത യോഗ്യത യുള്ള ആളുകളുടെ അഭാവത്തിൽ മർക്കന്റയിന്റ മറൈൻ ഡിപ്പാർട്ടുമെന്റിൽ നിന്നും ഡിസ്പൻസേഷനു വിധേയമായിട്ടാണ് അവരെ നിയമിച്ചത്. എഞ്ചിനീയർ കം-ഡ്രഡ്ജർ മാസ്റ്ററായ ശ്രീ. രാധാകൃഷ്ണനും നിശ്ചിതയോഗ്യതയില്ല. ഈ തസ്തികയിലേക്ക് സ്ഥിരമായ നിയമനം നടത്തുന്നതിനു വേണ്ടി പി. എസ്. സി.ക്ക് എഴുതിയിട്ടുണ്ട്. മറ്റുള്ളവർക്കെല്ലാം നിശ്ചിതയോഗ്യതയുണ്ട്.

ആമ്പല്ലൂർ, പുതുക്കാട് ബസ് സ്റ്റേഷൻ

1664 [2492] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു കോർപ്പറേഷന്റെ കീഴിലുള്ള ആമ്പല്ലൂർ പുതുക്കാട് ബസ് സ്റ്റേഷൻ എന്നാണ് ആരംഭിച്ചത്;

(ബി) ഈ സ്റ്റേഷനുവേണ്ടി നാട്ടുകാരും പഞ്ചായത്തും എത്ര സ്ഥലം വീതം ഓരോസ്ഥലത്തും കോർപ്പറേഷനെ ഏൽപ്പിച്ചു;

(സി) ഈ സ്ഥലം കോർപ്പറേഷൻ എന്നാണ് ഏറ്റെടുത്തത്;

(ഡി) ഏറ്റെടുത്തില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ഇ) കോർപ്പറേഷന്റെ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ എന്തെങ്കിലും നടപടികൾ എടുക്കും;

(എഫ്) ആമ്പല്ലൂർ സ്റ്റേഷനിൽ നിന്നും നാഷണൽ ഹൈവേയിലേക്കുള്ള പുതിയ റോഡിനു വേണ്ടി അക്വിസിഷൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആമ്പല്ലൂർ, പുതുക്കാട് ബസ് സ്റ്റേഷനുകൾ 1984 മാർച്ച് മാസം 14-ാം തീയതി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

4.	കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ	100 ലക്ഷം രൂപ
5.	കേരള ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻ	100 ലക്ഷം രൂപ
6.	ട്രാവൻകൂർ റയോൺസ് ലിമിറഡ്	90 ലക്ഷം രൂപ
7.	പോലീസ് സ്പോർട്സ് ആൻറ് യൂത്ത് വെൽഫയർ സൊസൈറ്റി	100 ലക്ഷം രൂപ

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (2489) കാണുക]

പോസ്റ്റിന്റെ പേര്	യോഗ്യത
1. ഓഫീസർ ഇൻചാർജ്ജ്	ഇന്ത്യാ ഗവൺമെൻറിന്റെ ട്രാൻസ്പോർട്ട് മിനിസ്ട്രിയുടെ ഹോംട്രേഡ് മാസ്റ്ററുടെ യോഗ്യതയുണ്ടായിരിക്കണം. അതുപോലെതന്നെ രണ്ടുവർഷത്തിൽ കുറയാത്ത 'മേറ്റ്' പരിശീലനം ഉണ്ടായിരിക്കണം. അല്ലെങ്കിൽ ഇന്ത്യൻ നേവിയിലെ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ലഫ്റ്റനൻറ് കമാൻറായിട്ട് പരിശീലനം. അല്ലെങ്കിൽ ഇൻഡ്യൻ നേവിയിൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ലഫ്റ്റനൻറായി മൂന്നുവർഷത്തെ പരിശീലനം. അഭിലഷണീയം: 1. റഡാർ മെയിൻറനൻസിൽ സർട്ടിഫിക്കറ്റ് 2. അത്യാധുനികമായ നാവിക ഉപകരണങ്ങളായ വി. എച്ച്. എഫ്., റഡിയോ, ടെലഫോൺ, എക്കോ സൗണ്ടർ തുടങ്ങിയവയിൽ പരിശീലനം
2. എഞ്ചിനീയർ ഇൻചാർജ്ജ്	ഇന്ത്യാ ഗവൺമെൻറിന്റെ ട്രാൻസ്പോർട്ട് മിനിസ്ട്രി നൽകിയിട്ടുള്ള എഞ്ചിനീയർ (മോട്ടോർ) ആയിട്ടുള്ള രണ്ടാംക്ലാസ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത. അല്ലെങ്കിൽ ഇന്ത്യാ ഗവൺമെൻറിന്റെ ട്രാൻസ്പോർട്ട് മിനിസ്ട്രി നൽകിയിട്ടുള്ള രണ്ടാംക്ലാസ് എഞ്ചിനീയർ (മോട്ടോർ) സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ. അല്ലെങ്കിൽ ഇൻഡ്യൻ നേവിയിലെ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ലഫ്റ്റനൻറ് കമാൻറായ സേവനം.

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ

ഇൻഡ്യൻ നേവിയിലെ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ലഫ്റ്റനൻറായി മൂന്നുവർഷത്തെ സേവനം.

അഭിലഷണീയം:

500 കുതിരശക്തിയോ കൂടുതലോ ഉള്ള എഞ്ചിനുകൾ ഓടിച്ചുള്ള പരിചയം

അല്ലെങ്കിൽ

കിർലോസ്കറിന്റെ വി. ഡബ്ലിയു. പോലുള്ള എഞ്ചിൻ ഓടിച്ചുള്ള പരിചയം.

3. ക്യാപ്റ്റൻ ഡ്രഡ്ജർ മാസ്റ്റർ — റിക്രൂട്ട്മെൻറ് നിയമം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതുള്ളൂ.

4. ചീഫ് എഞ്ചിനീയർ — ടി

5. എഞ്ചിനീയർ — ടി

6. എഞ്ചിനീയർ കം ഡ്രഡ്ജർ മാസ്റ്റർ — നിർബന്ധം: ട്രാൻസ്പോർട്ട് മിനിസ്ട്രിയുടെ അല്ലെങ്കിൽ ട്രെയിഡ് ബോർഡിന്റെ ഡീസൽ എൻ ഡോഴ്സ്മെൻറുള്ള രണ്ടാംക്ലാസ് എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

ഇൻലാൻറ് സ്റ്റീംവെസൽസ് ആക്ട് 1917—ൻ പ്രകാരം ഒന്നാംക്ലാസ് ഡീസൽ എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റ്.

അഭിലഷണീയം:

ഡ്രഡ്ജിംഗ് നടത്തുന്നതിൽ ഒരു വർഷത്തിൽ കുറയാത്ത പരിശീലനം.

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ (2534) കാണുക]

ANNEXURE I

A. Vellanad Block: List of road works completed

No. of roads completed during—

1981-82

1. Kundalamkuzhi Manali road in Vidura Panchayat
2. Tholoor Mekkekara Vandakkal Thadam in Uzhamalakkal Panchayat
3. Krishnan coil road in Poovachal Panchayat

LIBRARY ARCHIVES Kerala Legislative Assembly